(7) നടപ്പു സാമ്പത്തിക വർഷത്തിൽ സഹസ്രാബ്ദ സാഹസികയാത്ര, ജലയാത്ര, ദേശീയോദ്ഗ്രഥന ക്യാമ്പ്, വൈമാനിക സാഹസിക പരിശീലന പരിപാടികൾ എന്നിവ നടത്തുകയുണ്ടായി.

യുവജന ബോർഡ് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇവയാണ്.

1. താഴേക്കിടയിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം.

2. യുവജനക്ഷേമ ബോർഡിന്റെ, യുവജനക്ഷേമ പരിപാടിയെക്കുറിച്ച് യഥാസമയം വിവരം ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ സെന്ററുകൾ.

3. തൊഴിലില്ലായ്മകളിൽ നിന്നും യുവാക്കളെ രക്ഷിക്കാൻ മറ്റു വകുപ്പുകളുമായി സഹകരിച്ച് സ്പെഷ്യൽ എംപവർമെന്റ് സ്കീം (എസ്.ഇ.എം.വൈ). കൂടാതെ സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും കേരളോത്സവവും നടത്തി വരുന്നു.

(ബി) ദേശീയ യുവജന നയത്തിനനുസൃതമായാണ് നാം സംസ്ഥാന യുവജന നയം രൂപപ്പെടുത്തുന്നത്. യുവജന കാര്യങ്ങളെക്കുറിച്ച് പഠിച്ച റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച എം.എൽ.എ.മാർ ഉൾപ്പെട്ട വിദ്ഗധ സമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം പഠിച്ചും സമഗ്രമായ ഒരു യുവജന നയം പ്രഖ്യാപിക്കുന്നതാണ്.

അസംഘടിത മേഖലയ്ക്ക് പുതിയ പെൻഷൻ പദ്ധതി

8 (*38) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലയ്ക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള ഒരു പുതിയ പെൻഷൻ പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റ് രൂപം നൽകി വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭിച്ചിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് ശ്രീ.എസ്.എ.ധാവെയുടെ നേതൃത്വത്തിലുള്ള സമിതി തയ്യാറാക്കിയ പദ്ധതി റിപ്പോർട്ടിലെ ശുപാർശകളുടെ വിശദാംശം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) വളരെയേറെ തൊഴിലാളി ക്ഷേമ പെൻഷൻ പദ്ധതികൾ നിലവിലുള്ള കേരളത്തിലെ പെൻഷൻ മേഖലയെ ഇതെങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അസംഘടിത മേഖലയിൽ ഇനി എത്രത്തോളം പേർ പെൻഷൻ പരിധിയിൽ വരാത്തവരായി അവശേഷിച്ചിട്ടുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ ;

(എഫ്) സംഘടിത മേഖലയിൽ ഏതെങ്കിലും പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരാത്ത ആളുകൾ ഉണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) യും (ബി) യും ഇല്ല.

(സി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ കേന്ദ്ര ഓഫീസിൽ നിന്നും 8-2-2000 ൽ ധാവേ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യാൻ സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസ് സ്പെഷ്യൽ മീറ്റിംഗ് വിളിച്ചു കൂട്ടുന്നതിന്റെ വിവരവും ധാവേ കമ്മിറ്റി റിപ്പോർട്ടിന്മേൽ സി.ബി.ടി. അംഗമായ ശ്രീ.ഡബ്ല്യൂ ആർ.വരദരാജൻ സമർപ്പിച്ച ക്രിട്ടിക്കൽ നോട്ട് ലഭിക്കുകയുണ്ടായി.

(ഡി) ഇല്ല.

(ഇ) യും (എഫ്) ഉം ഇല്ല.

സഹകരണ ബാങ്കുകൾ വഴി കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി

9 (*39) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും, സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ വഴി ഗ്രാമീണ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ബി) ഗ്രാമീണ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനായി സ്വയം സഹായ പദ്ധതി എന്ന പേരിൽ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സ്വയം സഹായ പദ്ധതികളുടെ സവിശേഷതകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 'സ്വയം സഹായ പദ്ധതി' പ്രകാരമുള്ള സഹകരണ സംഘങ്ങളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ തുക വകയ്ക്കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly